"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ അധിക തസ്തികകളിൽ നിയമിക്കപ്പെട്ട് അംഗീകാരം ലഭിച്ച അദ്ധ്യാപകർക്കും/അനദ്ധ്യാപകർക്കും സംരക്ഷണാനുകൂല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ.(അച്ചടി) നം.8/2022/GEDN തീയതി,തിരുവനന്തപുരം, 14-07-2022

---

പരാമർശം:- സ.ഉ(പി) നം.29/2016/പൊ.വി.വ തീയതി 29.01.2016.

**<u>ഉത്തരവ്</u>**

2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ട് അംഗീകരിക്കപ്പെട്ട അദ്ധ്യാപകർക്കും/ അനദ്ധ്യാപകർക്കും പരാമർശിത ഉത്തരവ് പ്രകാരം സംരക്ഷണാനുകൂല്യം അനുവദിച്ചിരുന്നു. എന്നാൽ അതേ കാലയളവിൽ അധിക തസ്തികകളിൽ നിയമനാംഗീകാരം ലഭിച്ചവർക്ക് സംരക്ഷണാനുകൂല്യം അനുവദിച്ചിരുന്നില്ല.

2. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ അധിക തസ്തികകളിൽ നിയമിക്കപ്പെട്ട് അംഗീകാരം ലഭിച്ച അദ്ധ്യാപകർക്കും/അനദ്ധ്യാപകർക്കും താഴെ പറയുന്ന വ്യവസ്ഥകളോടെ സംരക്ഷണാനുകൂല്യം നൽകി ഉത്തരവാകുന്നു.

i. അധിക തസ്തികകളെ റെഗുലർ തസ്തികകളായി കണക്കാക്കാമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള സ.ഉ(കൈ) നം.136/2021/പൊ.വി.വ ഉത്തരവ് തീയതിയായ 31.03.2021 മുതൽ സംരക്ഷണത്തിന് അർഹതയുണ്ടായിരിക്കും.

ii. 31.03.2021 ന് ശേഷം പുനർവിന്യാസം ലഭിക്കുന്ന തീയതി മുതൽ മാത്രമേ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുകയുള്ളൂ. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാകണം പുനർവിന്യാസം നടത്തേണ്ടത്.

iii. തസ്തികയില്ലാതെ പുറത്തു നിന്ന കാലയളവ് യാതൊരു വിധ സർവ്വീസ് ആനുകൂല്യങ്ങൾക്കുമായി അവകാശവാദം ഉന്നയിക്കുകയില്ലെന്ന് Stamp paper ൽ നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഈ അദ്ധ്യാപകർ/അനദ്ധ്യാപകർ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിലുള്ള സംരക്ഷണത്തിന് യോഗ്യത നേടുന്ന അദ്ധ്യാപക/അനദ്ധ്യാപകരുടെ പേരുകളും മറ്റ് വിവരങ്ങളും ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്.

iv. കെഎസ്ആർ ഭാഗം III ചട്ടം 31 (a) പ്രകാരം തസ്തികയില്ലാതെ പുറത്തു നിൽക്കുന്ന കാലയളവ്, പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുകയില്ല. അതിനാൽ എയ്ഡഡ് സ്കൂളുകളിലെ സംരക്ഷണം നൽകിയിട്ടുള്ള അദ്ധ്യാപകർ/അനദ്ധ്യാപകർ തസ്തികയില്ലാതെ പുറത്തു നിന്ന കാലയളവ്, മേൽ ചട്ട പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുകയില്ല.

v. സംരക്ഷിത അദ്ധ്യാപകർ/അനദ്ധ്യാപകർ പുറത്ത് നിന്ന കാലയളവ്, 20.06.2022 ലെ സ.ഉ(അച്ചടി) നം.07/2022/പൊ.വി.വ യിലെ വ്യവസ്ഥകൾ പ്രകാരം 'Non Duty' ആയി ക്രമീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ
ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്,
വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ്

ധനകാര്യ വകുപ്പ് (23.05.2022-ലെ E-1217206/EDN-A1/110/2019-FIN പ്രകാരം)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by N.k. Sheena
Date: 15-07-2022 13:11:52
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1) ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2) ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3) പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

MENTORS KERALA